# വൈദ്യരത്നം ആയുർവേദ കോളേജ്

ഒല്ലൂർ – തൈക്കാട്ടുശ്ശേരി, തൃശ്ശൂർ, കേരളം – 680306

എ2/1254/2025/വി.എ.സി. തീയതി : 25.07.2026

## വിജ്ഞാപനം

**2026-2027 അധ്യയന വർഷത്തെ ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളിലേക്ക് മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.**

**സൂചന : 1. സ.ഉ.(സാധാ) നം. 327/2026/ആയുഷ് തീയതി 27-06-2026**

കേരള സർക്കാർ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 2026-27 അധ്യയന വർഷത്തിൽ നടത്തുന്ന ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി എന്നീ കോഴ്സുകൾ വൈദ്യരത്നം ആയുർവേദ കോളേജ് ഒല്ലൂരിൽ നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ കോഴ്സുകളിലെ മാനേജ്മെന്റ് ക്വാട്ടാസീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

പാരാമെഡിക്കൽ കോഴ്സുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | കോഴ്സ് | ദൈർഘ്യം | മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളുടെ എണ്ണം | മാനേജ്മെന്റ് ക്വാട്ടാ ഫീസ് (പ്രതിവർഷം) |
|---|---|---|---|---|
| 1 | ആയുർവേദ നഴ്സിംഗ് ഡിപ്ലോമ | 1 വർഷം | 5 | 25000 |
| 2 | ആയുർവേദ ഫാർമസി ഡിപ്ലോമ | 1 വർഷം 8 മാസം | 5 | 25000 |
| 3 | ആയുർവേദ തെറാപ്പി ഡിപ്ലോമ | 2 വർഷം | 5 | 25000 |

മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷകൾ ഓൺലൈനായി ജൂലൈ 25 മുതൽ ഓഗസ്റ്റ് 5 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ഓൺലൈൻ മുഖേന അടക്കേണ്ടതാണ്. അപേക്ഷ ഫീസ് യാതൊരു കാരണ വശാലും തിരികെ നൽകുന്നതല്ല.

ഓൺലൈൻ അപേക്ഷകൾ പരിഗണിച്ച് വൈദ്യരത്നം ആയുർവേദ കോളേജ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം.

<u>വിദ്യാഭ്യാസ യോഗ്യതയും പ്രായപരിധിയും</u>

<u>ആയുർവേദ നഴ്സിംഗ് ഡിപ്ലോമ</u>

യോഗ്യത : ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി (GNM) പാസ്സായിരിക്കണം.

- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)
    - ജനറൽ വിഭാഗം – 33 വയസ്സ്
    - എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
    - വിമുക്ത ഭടന്മാർ – 40 വയസ്സ്

<u>ആയുർവേദ തെറാപ്പി ഡിപ്ലോമ</u>

- യോഗ്യത : പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം.
- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)
    - ജനറൽ വിഭാഗം – 33 വയസ്സ്
    - എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
    - വിമുക്ത ഭടന്മാർ – 40 വയസ്സ്

- ശാരീരിക യോഗ്യത / അളവുകൾ (ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിന് മാത്രം ബാധകം) : ഭിന്നശേഷിക്കാർ (PWD) ഈ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അർഹരല്ല. അപേക്ഷകർ ശാരീരികമായി ആരോഗ്യവാന്മാരായിരിക്കണം. കൂടാതെ താഴെപ്പറയുന്ന കുറഞ്ഞ ശാരീരിക മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

    - പുരുഷന്മാർ : കുറഞ്ഞ ഉയരം 162.5 സെ.മീ., കുറഞ്ഞ ഭാരം 46 കി.ഗ്രാം.
    - സ്ത്രീകൾ : കുറഞ്ഞ ഉയരം 147 സെ.മീ., കുറഞ്ഞ ഭാരം 36 കി.ഗ്രാം

- കുറിപ്പ് : ഭിന്നശേഷിക്കാർ ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിലേക്കും ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സിലേക്കും പ്രവേശനത്തിന് അർഹരല്ല.

ആയുർവേദ ഫാർമസി ഡിപ്ലോമ

- യോഗ്യത : പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം..
- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)
  - ജനറൽ വിഭാഗം – 33 വയസ്സ്
  - എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
  - വിമുക്ത ഭടന്മാർ – 40 വയസ്സ്
- കുറിപ്പ് : മാർക്കിന്റെ ശതമാനം അടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്യാൻ അനുവദിക്കുകയില്ല.

മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ട രീതി

i. www.vaidyaratnamcollege.org എന്ന വെബ് സൈറ്റ് മുഖേന അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്.

ii. അപേക്ഷയോടൊപ്പം വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (SSLC, PLUS TWO, GNM, NATIVITY, MARKLIST, ANY OTHER DOCUMENT) അപ് ലോഡ് ചെയ്യേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ തന്നെ അപ് ലോഡ് ചെയ്യേണ്ടതാണ്.

iii. അപേക്ഷ ഫീസായി 1000/- രൂപ താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ഔൺലൈനായി അടക്കേണ്ടതാണ്.

Bank Account Name: Principal, Vaidyaratnam Ayurveda College, Ollur

Bank Account No: 40711587752 IFSC Code : SBIN0070266

Branch: SBI Ollur

Email: vacparamedicalollur@gmail.com

ഈ സീറ്റുകളിലേക്കുള്ള പ്രവേശനം മാനേജ്മെന്റ് നിശ്ചയിക്കുന്ന പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാമാക്കിയായിരിക്കും വിശദ വിവരങ്ങൾക്ക് 0487 – 2352503 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

മറ്റെല്ലാ നിബന്ധനകളും കേരള സർക്കാർ അംഗീകരിച്ച പ്രൊസ്പെക്ടസ് സൂചന(1) അനുസരിച്ചായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ടി പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

VAIDYARATNAM AYURVEDA COLLEGE THAIKKATTUSSERY, THRISSUR KERALA PIN CODE 680 306

for PRINCIPAL
VAIDYARATNAM AYURVEDA COLLEGE
THAIKKATTUSSERY, THRISSUR, KERALA